**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1571** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീസർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മുഴുവൻ ഭൂമിയും ഡിജിറ്റലായി അളന്ന് റെക്കോർഡുകൾ തയ്യാറാക്കി ഒരു സമഗ്രഭൂരേഖ തയ്യാറാക്കുന്നതിനുള്ള ഡിജിറ്റൽ റീസർവേ നടത്തുന്നതിന് എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് പ്രയോജനപ്പെടുത്തുന്നത്; ഏതൊക്കെ അത്യാധുനിക സർവേ ഉപകരണങ്ങളാണ് പ്രയോജനപ്പെടുത്തുന്നത്; ഡ്രോൺ അധിഷ്ഠിത സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | നൂതന സർവ്വെ സങ്കേതങ്ങൾ ഉപയോഗിച്ച്കൊണ്ട് സംസ്ഥാനത്തെ മുഴുവൻ ഭൂമിയും ഡിജിറ്റലായി സർവ്വെ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കി ഒരു സമഗ്രഭൂരേഖ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. Continuously Operating Reference Station (CORS), Real Time Kinematic (RTK) Rover, Robotic Total Station, Tablet PC, Drone എന്നീ അത്യാധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് സർവ്വെ നടത്തുന്നത്. ഇതിലേക്കായി "എന്റെ ഭൂമി" എന്ന സമഗ്രമായ സോഫ്റ്റ് വെയർ സംവിധാനം തയ്യാറാക്കിയിട്ടുണ്ട്. സർവ്വെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ പോർട്ടൽ മുഖേന അറിയാൻ സാധിക്കുന്നതാണ്. ഡിജിറ്റൽ സർവ്വെ നടപടികൾ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവ്വെ, റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളിലെ സേവനങ്ങൾ ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള സംവിധാനം എൻ ഐ സി മുഖേന തയ്യാറാക്കി വരുന്നു. സംസ്ഥാനത്തെ ഭൂരിഭാഗം സ്ഥലങ്ങളിലും RTK റോവർ മെഷിനുകൾ ഉപയോഗിച്ചും, മരങ്ങളാൽ മൂടപ്പെട്ടതും, സാറ്റലൈറ്റ് സിഗ്നലുകൾ താരതമ്യേന ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മാത്രം റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ മെഷീനുകളും, ഏറ്റവും തുറസ്സായ സ്ഥലങ്ങളിൽ ഡ്രോൺ സാങ്കേതിക വിദ്യയും ഉപയോഗിച്ചാണ് സർവ്വെ നടത്തിവരുന്നത്. |
| (ബി) | സർവേ വകുപ്പ് തയ്യാറാക്കുന്ന ഭൂമി സംബന്ധിച്ച അന്തിമ രേഖ റവന്യൂ വകുപ്പിന് കൈമാറുന്നതിന് മുമ്പ് ഭൂവുടമയ്ക്ക് പരാതികൾ സമർപ്പിക്കുന്നതിന് | (ബി) | സർവ്വെയും ഭൂരേഖയും വകുപ്പ് തയ്യാറാക്കുന്ന ഭൂമി സംബന്ധിച്ച അന്തിമ രേഖ റവന്യൂ വകുപ്പിന് കൈമാറുന്നതിന് മുമ്പ്, ഭൂവുടമയ്ക്ക് പരാതികൾ സമർപ്പിക്കുന്നതിന് അവസരമുണ്ട്. |

| | | | |
|---|---|---|---|
| | അവസരമുണ്ടോ; പരാതി പരിഹാരത്തിന് പ്രത്യേക സംവിധാനമുണ്ടോ; വിശദാംശം നൽകുമോ? | | വില്ലേജിന്റെ സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് സർവ്വെ ബൗണ്ടറീസ് ആക്റ്റ് & റൂൾ പ്രകാരമുള്ള 9(2) നോട്ടിഫിക്കേഷൻ നൽകി, ടി വില്ലേജിന്റെ സർവ്വെ റിക്കാർഡുകൾ പരിശോധിക്കുന്നതിനായി ഭൂവുടമയ്ക്ക് അവസരം നൽകുന്നു. കൂടാതെ പ്രസ്തുത റിക്കാർഡുകൾ പരിശോധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സെക്ഷൻ 11 പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമായി "എന്റെ ഭൂമി" പോർട്ടൽ മുഖേന സർവ്വെ റിക്കാർഡുകൾ ഓൺലൈനായി പരിശോധിക്കുന്നതിനും, ഓൺലൈനായി പരാതികൾ ബോധിപ്പിക്കുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ